"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ഒ.എസ്. വീരേന്ദ്രനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1351/2020/ത.സ്വ.ഭ.വ    തീയതി,തിരുവനന്തപുരം, 14/07/2020

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 18.01.2014-ലെ ഇ5(എസ് സി 34/2013/കെടിഎം) 32558/2013നമ്പർ കത്ത്

2 സർക്കാരിന്റെ 30.04.2014-ലെ 16605/ഇപിബി2/2014 തസ്വഭവ നമ്പർ കുറ്റപത്രം

3 സർക്കാരിന്റെ 12.04.2017-ലെ 16605/ഇപിബി2/2014 തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

4 ശ്രീ. ഒ.എസ്. വീരേന്ദ്രൻ സമർപ്പിച്ച 15.08.2017-ലെ പ്രതിവാദ പത്രിക

5 പഞ്ചായത്ത് ഡയറക്ടറുടെ 22.01.2018-ലെ ഡി5-22050/2014 നമ്പർ കത്ത്

6 സ.ഉ.(സാധാ) നം.2439/2018/തസ്വഭവ തീയതി 17.09.2018

7 കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 11.12.2018-ലെ എവിഎസ്-5375/14 നമ്പർ റിപ്പോർട്ട്

**<u>ഉത്തരവ്</u>**

കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. ഒ. എസ്. വിരേന്ദ്രൻ 2 ലക്ഷം രൂപ കൈക്കൂലിയായി ആവശ്യപ്പെട്ടു എന്ന ശ്രീ. റെജി പ്രോത്താസിസിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് ഓഫീസിൽ പരിശോധന നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. അന്വേഷണത്തിൽ കെട്ടിടനിർമ്മാണ പെർമ്മിറ്റിനായി ശ്രീ. റെജിമോൻ പ്രോത്താസിസ് സമർപ്പിച്ച അപേക്ഷ ചട്ടപ്രകാരമല്ല എന്ന് കണ്ടതിനെത്തുടർന്ന് സെക്രട്ടറി അപേക്ഷ നിരസിച്ചിരുന്നുവെന്നും തുടർന്ന് പഞ്ചായത്ത് കമ്മിറ്റി ടി പെർമ്മിറ്റ് അനുവദിക്കാൻ തീരുമാനമെടുക്കുകയും കമ്മിറ്റി തീരുമാനത്തിനെതിരെ സെക്രട്ടറി വിയോജിപ്പ് രേഖപ്പെടുത്തുകയുണ്ടായെന്നും, കമ്മിറ്റി തീരുമാനപ്രകാരം പെർമ്മിറ്റ് നൽകാതിരിക്കാൻ സെക്രട്ടറിക്ക് ചട്ടപ്രകാരം അവകാശമുണ്ടായിരുന്നുവെന്നും പഞ്ചായത്ത് രാജ് ചട്ടങ്ങൾ പ്രകാരം ഇക്കാര്യം സെക്രട്ടറി മേലധികാരികളെ അറിയിക്കുകയും ഇതിനെതിരെ നടപടികൾ സ്വീകരിക്കുകയും വേണമെന്നിരിക്കെ സെക്രട്ടറിയായിരുന്ന ശ്രീ. ഒ.എസ്. വീരേന്ദ്രൻ അപ്രകാരം ചെയ്യുകയുണ്ടായില്ലായെന്നും കണ്ടെത്തിയിട്ടുണ്ട്. തുടർന്ന് ടി ക്രമക്കേടുകൾ മുൻനിർത്തി ശ്രീ. ഒ.എസ്. വീരേന്ദ്രന് പരാമർശം (2) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. എന്നാൽ ശ്രീ. ഒ.എസ്. വീരേന്ദ്രൻ 31.05.2015-ൽ സേവനത്തിൽ നിന്നും വിരമിച്ചതായി അറിയിച്ച സാഹചര്യത്തിൽ കെ.സി.എസ്. (സി.സി.&എ) പ്രകാരമുള്ള നടപടികൾ തുടരാൻ സാധ്യമല്ലാത്തതിനാൽ കെ.എസ്.ആർ ഭാഗം 3 ചട്ടം 3(എ) പ്രകാരം ശ്രീ. ഒ.എസ്. വീരേന്ദ്രന്റെ പ്രതിമാസ പെൻഷനിൽ നിന്നും 200/- രൂപ വീതം 2 വർഷത്തേയ്ക്ക് തടയുന്നതിന് താൽക്കാലികമായി തീരുമാനിച്ച് പരാമർശം ( 3 ) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി.

കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. ഒ.എസ്. വീരേന്ദ്രൻ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ കെ.പി.ബി.ആർ. ചട്ടം. പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് എന്നിവയെല്ലാം രേഖാമൂലം ബോധ്യപ്പെടുത്തി പെർമിറ്റ് നൽകുന്നതിനുള്ള തടസ്സങ്ങൾ സെക്രട്ടറി എന്ന നിലയിൽ താൻ കമ്മിറ്റിക്ക് ബോധ്യപ്പെടുത്തിക്കൊടുത്തിട്ടുണ്ടെന്നും അതിൻപ്രകാരം 27.06.2013-ലെ പഞ്ചായത്ത് കമ്മിറ്റി കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് നൽകുന്നതിന് തീരുമാനിച്ചിട്ടില്ലെന്നും പഞ്ചായത്ത് കമ്മിറ്റി അനധികൃതമായ ഒരു തീരുമാനം കൈക്കൊള്ളുകയോ, ആയത് നടപ്പിലാക്കുകയോ ചെയ്താൽ മാത്രമേ പഞ്ചായത്ത് സെക്രട്ടറി തീരുമാനം സർക്കാരിന് സമർപ്പിച്ച് അനധികൃത തീരുമാനം റദ്ദ് ചെയ്യുന്നതിന് ആവശ്യപ്പെടേണ്ടതുള്ളൂവെന്നും ഇവിടെ അപ്രകാരം ഒരു തീരുമാനം പഞ്ചായത്ത് കമ്മിറ്റി എടുത്തിട്ടില്ലെന്നും ശ്രീ. ഒ.എസ്. വീരേന്ദ്രൻ ബോധിപ്പിച്ചിട്ടുണ്ട്. 2003- ലെ കേരള പഞ്ചായത്ത് രാജ് റൂൾ 4 (3) (procedure to be adopted on illegal Resolutions) പ്രകാരം പഞ്ചായത്ത് കമ്മിറ്റി അനധികൃതമായ ഒരു തീരുമാനം കൈക്കൊള്ളുകയോ ആയത് നടപ്പിലാക്കുന്നതിന് മുതിരുകയോ ചെയ്താൽ മാത്രമേ പഞ്ചായത്ത് സെക്രട്ടറി മേൽതീരുമാനം ബഹുമാനപ്പെട്ട സർക്കാരിന് സമർപ്പിച്ച് അനധികൃത തീരുമാനം റദ്ദ് ചെയ്യുന്നതിന് ആവശ്യപ്പെടേണ്ടതുള്ളൂവെന്നും ഇവിടെ അപ്രകാരം ഒരു തീരുമാനം പഞ്ചായത്ത് കമ്മിറ്റി എടുത്തിട്ടില്ലാത്തതിനാലാണ് ബഹുമാനപ്പെട്ട സർക്കാരിന് റിപ്പോർട്ട് ചെയ്യാതിരുന്നതെന്നും എന്നാൽ ഇത് സംബന്ധിച്ച എല്ലാ വിവരങ്ങളും യഥാസമയം കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുമ്പാകെ നല്കിയിട്ടുണ്ടായിരുന്നുവെന്നും ആകയാൽ ടി കാരണം കാണിക്കൽ നോട്ടീസിൽ ആരോപിച്ചിരിക്കുന്ന യാതൊരു വീഴ്ചയും സെക്രട്ടറി എന്ന നിലയിൽ തന്നിൽ നിന്നും സംഭവിച്ചിട്ടില്ലാത്തതാണെന്നും ബോധിപ്പിച്ചിട്ടുണ്ട്.

ശ്രീ. ഒ.എസ്. വീരേന്ദ്രൻ സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. തുടർന്ന് ശ്രീ. ഒ.എസ്. വീരേന്ദ്രന്റെ പ്രതിമാസ പെൻഷനിൽ നിന്നും 200/- രൂപ വീതം 2 വർഷത്തേയ്ക്ക് കറവ് വരുത്തുന്നതിന് താൽക്കാലിക തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതിനാൽ ശ്രീ. ഒ.എസ്. വീരേന്ദ്രനെതിരെ ചുമത്തിയിട്ടുള്ള ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പരാമർശം (6) പ്രകാരം കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ അന്വേഷണ ഉദ്യോഗസ്ഥൻ പരാമർശം (7) പ്രകാരം ഔപചാരിക അന്വേഷണറിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

പ്രസ്തുത റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. 16.11.2018-ന് ഏറ്റുമാനൂർ നഗരസഭയിൽ വച്ച് നടന്ന അന്വേഷണത്തിൽ ബന്ധപ്പെട്ട ഫയലുകൾ ലഭ്യമല്ലായെന്നും. ശ്രീ. റെജി പ്രോത്താസിസ് കെട്ടിട വിപുലീകരണത്തിനായുള്ള അപേക്ഷ ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കുന്നത് 08.12.2012-നാണെന്നും. നിർമ്മാണം ചട്ടവിരുദ്ധമായതിനാൽ സെക്രട്ടറി അപേക്ഷ നിരസിക്കുകയുണ്ടായിയെന്നും ടി ഉത്തരവിനെതിരെ ടിയാൻ ബഹു. ട്രിബ്യൂണലിൽ അപ്പീൽ സമർപ്പിക്കുകയും 20.02.2012-ൽ ബഹു. ട്രിബ്യൂണൽ ടി ഉത്തരവ് സ്റ്റേ ചെയ്യുകയുണ്ടായി എന്നും കൂടാതെ ശ്രീ. ഒ.എസ്. വീരേന്ദ്രൻ 11.04.2013 മുതൽ 31.01.2014 വരെയാണ് ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിൽ സേവനം അനുഷ്ഠിച്ചിരുന്നതെന്നും 21.05.2013-ന് സെക്രട്ടറിയായിരുന്ന ശ്രീ. ഒ.എസ്. വീരേന്ദ്രൻ അനധികൃത നിർമ്മാണത്തിനെതിരെ കേരള പഞ്ചായത്ത് രാജ് ആക്ട് 235 W(1) ആം വകുപ്പ് പ്രകാരമുള്ള താത്കാലിക ഉത്തരവ് നൽകിയെന്നും ടി ഉത്തരവിനെതിരെ ടിയാൻ പഞ്ചായത്ത് പ്രസിഡന്റിനു അപേക്ഷ സമർപ്പിക്കുകയുണ്ടായിയെന്നും 27.06.2013-ന് ചേർന്ന പഞ്ചായത്ത് കമ്മിറ്റി നിർമ്മാണത്തിന് അനുമതി നൽകുന്നതിന് തീരുമാനിച്ചുവെന്നും കെട്ടിട നിർമ്മാണ അനുമതി നൽകലും അനധികൃത കെട്ടിട നിർമ്മാണത്തിനെതിരെ നടപടി സ്വീകരിക്കലും സെക്രട്ടറിയുടെ സ്റ്റാറ്റ്യൂട്ടറി ചുമതലയായതിനാൽ ആയതിൽ പഞ്ചായത്ത് പ്രസിഡന്റോ അംഗങ്ങളോ ഇടപെടുന്നത് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 185 (ബി) വകുപ്പ് പ്രകാരം വിലക്ക് കല്പിച്ചിട്ടുള്ളതാണെന്നും 235W വകുപ്പ് പ്രകാരം സെക്രട്ടറി അനധികൃത കെട്ടിട നിർമ്മാണത്തിനെതിരെ സ്വീകരിക്കുന്ന നടപടിക്കെതിരെ സമർപ്പിക്കുന്ന അപ്പീൽ അപേക്ഷകൾ സ്വീകരിക്കുവാനും അതിന്മേൽ എന്തെങ്കിലും കമ്മിറ്റി തീരുമാനം എടുക്കുവാനും 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 276 (1) 276 (4) വകുപ്പുകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് കമ്മിറ്റിക്ക് അധികാരം നൽകിയിട്ടില്ലെന്നും 27.06.2013

ചേർന്ന പഞ്ചായത്ത് കമ്മിറ്റി നിർമ്മാണത്തിന് അനുമതി നൽകാൻ തീരുമാനിച്ചത് നിയമപരമല്ലായെന്നും യഥാർത്ഥത്തിൽ കെട്ടിട വിപുലീകരണ അനുമതിക്കായി ഉടമ ശ്രീ. റെജിമോൻ പ്രോത്താസിസ് സമർപ്പിച്ച അപേക്ഷ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചുള്ളതായിരുന്നില്ലെന്നും ആയതിന് ഒ . എസ് വീരേന്ദ്രൻ അനുമതി നൽകിയിട്ടില്ലെന്നും എന്നാൽ സെക്രട്ടറി കേരള പഞ്ചായത്ത് രാജ് വകുപ്പ് 182 (3) പാലിച്ചിട്ടുള്ളതായും കാണുന്നില്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പരാതിക്കാരനായ ശ്രീ. റെജിമോൻ പ്രോത്താസിസ് സമർപ്പിച്ച ചട്ടപ്രകാരമല്ലാത്ത അപേക്ഷയിൽ കെട്ടിട നിർമ്മാണാനുമതി നിഷേധിച്ച സെക്രട്ടറിയുടെ തീരുമാനം ശരിയായ നടപടിയായി കാണുന്നുവെന്നും എന്നാൽ നിയമപരമല്ലാത്ത തീരുമാനം പഞ്ചായത്ത് കമ്മിറ്റി പാസാക്കിയപ്പോൾ കേരള പഞ്ചായത്ത് രാജ് വകുപ്പ് 182 (3) പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാതിരുന്നത് സെക്രട്ടറിയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി കാണുന്നുവെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തുടർന്ന് ഔപചാരിക അന്വേഷണറിപ്പോർട്ടിന്റെ പകർപ്പ് കുറ്റാരോപിതന് ലഭ്യമാക്കുകയും തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി ശ്രീ. ഒ.എസ്. വീരേന്ദ്രനെ നേരിൽ കേൾക്കുകയുണ്ടായി. നേരിൽ കേട്ട വേളയിൽ പഞ്ചായത്ത് പ്രസിഡന്റിന് ശ്രീ. റെജിമോൻ പ്രോത്താസിസ് സമർപ്പിച്ച അപേക്ഷയിൽ പഞ്ചായത്ത് കമ്മിറ്റി കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 182 (3) പ്രകാരം നിയമവിരുദ്ധ തീരുമാനം കൈക്കൊണ്ടിട്ടില്ലെന്നും ആയതിനാൽ നിയമവിരുദ്ധ തീരുമാനം സംബന്ധിച്ച സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യേണ്ട സാഹചര്യമുണ്ടായില്ലെന്നും ശ്രീ. ഒ.എസ്. വീരേന്ദ്രൻ അറിയിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 182 (3) പഞ്ചായത്ത് സെക്രട്ടറിയുടെ അധികാരങ്ങളും ധർമ്മങ്ങളും വിശദീകരിക്കുന്നു. പ്രസ്തുത വകുപ്പിന്റെ iii-ാം ഉപവകുപ്പ് ചുവടെ കുറിക്കും പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

(iii) carry in the effect the resolutions of the Panchayat:

[Provided that where the Secretary is of opinion that any resolution passed by the Panchayat has not been legally passed is in excess of the powers conferred by this Act or any other Act or is likely, to endanger human life, health or public safety, if implemented, he shall request in writing in the panchayat, to review the resolution and express his views at the time of its review by the panchayat and if the panchayat upholds its previous decision, the matter shall be referred to the Government after intimation to the President and if no decision of the Government is received within fifteen days, the said resolution shall be implemented and information there of shall be given to the Government;]

പ്രസ്തുത വകുപ്പ് പ്രകാരം ശ്രീ. റെജിമോൻ പ്രോത്താസിസ് പഞ്ചായത്ത് സെക്രട്ടറിയുടെ 235 W (1) പ്രകാരമുള്ള ഉത്തരവിനെതിരെ പഞ്ചായത്ത് പ്രസിഡന്റിനു നൽകിയ അപേക്ഷ പഞ്ചായത്ത് കമ്മിറ്റി പരിഗണിക്കുകയുണ്ടായി. 27.06.2013-ലെ കമ്മിറ്റി നിർമ്മാണാനുമതി നൽകുന്നതിന് തീരുമാനിച്ചു. ഇത് നിയമപരമല്ല. എന്നാൽ സെക്രട്ടറി ഇതിന്റെ അടിസ്ഥാനത്തിൽ അനുമതി നൽകിയിട്ടില്ല. എന്നാൽ നിയമാനുസൃതമല്ലാത്ത തീരുമാനത്തിന്മേൽ സെക്രട്ടറി നടപടി കൈക്കൊള്ളുന്നത് സംബന്ധിച്ച പഞ്ചായത്ത് കമ്മിറ്റി തുടർനടപടികളുമായി മുന്നോട്ട് പോയിട്ടില്ല. ആ നിലയ്ക്ക് നിയമവിരുദ്ധമായ തീരുമാനം സംബന്ധിച്ച് തുടർനടപടിയോ കെ.പി.ബി.ആർ. പ്രകാരം കൈക്കൊള്ളേണ്ട നടപടിയോ സ്വീകരിക്കേണ്ടതായോ പ്രസ്തുത നിയമവിരുദ്ധ തീരുമാനം സംബന്ധിച്ച വകുപ്പ് 182(3) പ്രകാരം സർക്കാരിലേക്ക് റിപ്പോർട്ട്

ചെയ്യേണ്ടതായോ വന്നിട്ടില്ല. മേൽ സാഹചര്യത്തിൽ ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ഒ.എസ്. വിരേന്ദ്രനെതിരായ ആരോപണം നിലനിൽക്കുന്നതല്ലെന്നു കണ്ട് ടിയാനെതിരെ ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീ. ഒ.എസ്. വീരേന്ദ്രൻ, മുൻ സെക്രട്ടറി, ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിജിലൻസ് (ഡി) വകുപ്പ് (യു.ഒ. റിമാർക്ക് നം.ഡി3/359/2019/വിജി. തീയതി 31.08.2019 പ്രകാരം)
8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇപിബി2/167/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SUDHEER S S
Date: 2020.07.[illegible] 10:53:51 IST
Reason: Approved

സെക്ഷൻ ഓഫീസർ